# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *12

12.01.2021 ൽ മറുപടിക്ക്

## കേരള പോലീസ് നിയമ ഭേദഗതി ഓർഡിനൻസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. കെ.സി. ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് കേരള പോലീസ് നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നോ; | എ) സംസ്ഥാനത്ത് സമൂഹമാധ്യമങ്ങളിലൂടെയുള്ള അപമാനിക്കപ്പെടുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ സംഭവങ്ങൾ പ്രചരിപ്പിക്കുന്നത് തടയുക എന്ന ഉദ്ദേശ്യത്തോടെ 2011 ലെ കേരള പോലീസ് ആക്റ്റിൽ 118 (A) എന്ന വകുപ്പ് കൂട്ടിച്ചേർത്തുകൊണ്ട് 21.11.2020 ൽ അസാധാരണ ഗസറ്റ് വിജ്ഞാപനമായി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. |
| ബി) എങ്കിൽ അപ്രകാരം ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ഗവർണറോട് ശിപാർശ ചെയ്യുവാനുണ്ടായ അടിയന്തര സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;<br>സി) പ്രസ്തുത ഓർഡിനൻസ് പുറത്തിറക്കി നാലുദിവസത്തിനുള്ളിൽ അത് പിൻവലിക്കുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;<br>ഡി) മാധ്യമ സ്വാതന്ത്ര്യത്തിന് | ബി) യും സി) യും ഡി) യും വ്യക്തികളെ അപമാനിക്കുന്നതും അവരുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ ചില വാർത്തകൾ, പരാമർശങ്ങൾ എന്നിവ സമൂഹമാധ്യമങ്ങളിലൂടെ ഉൾപ്പെടെ പ്രചരിക്കുന്നതായി പല പരാതികളും സർക്കാരിന്റെ മുമ്പിൽ വിവിധ സന്ദർഭങ്ങളിൽ ഉന്നയിക്കപ്പെട്ടിരുന്നു. സ്ത്രീത്വത്തെ അപമാനിക്കൽ, വ്യാജ വാർത്തകൾ പ്രചരിപ്പിക്കൽ എന്നിവ ഉൾപ്പെടെ വ്യക്തികളെ തേജോവധം ചെയ്യുന്ന വളരെ ഗുരുതരമായ പരാതികളാണ് ശ്രദ്ധയിൽ വന്നത്. ഇതിന് വിധേയരാകുന്ന ആളുകൾ അനുഭവിക്കുന്ന മാനസിക പീഡനം വളരെ വലുതാണ്. അസത്യമാണെന്ന് |

കടിഞ്ഞാണിടുന്ന ഇത്തരം ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും നാല് ദിവസത്തിനകം അത് പിൻവലിക്കുകയും ചെയ്ത നടപടി മുഖ്യമന്ത്രിയുടെ പോലീസ് ഉപദേശകന് വന്ന വീഴ്ചയായി സർക്കാർ കരുതുന്നുണ്ടോ എന്നറിയിക്കാമോ?

ബോധപൂർവ്വമായ അറിവോടുകൂടി പ്രചരിപ്പിക്കപ്പെടുന്ന വാർത്തകളെയാണ് പോലീസ് ആക്റ്റ് 118 (A) ഭേദഗതിയിലൂടെ നിയന്ത്രിക്കാൻ ഉദ്ദേശിച്ചത്.

എന്നിരിക്കിലും, പൊതു സമൂഹത്തിൽ നിന്നും ആശങ്കകൾ ഉയർന്നു വന്ന സാഹചര്യത്തിൽ ഈ നിയമഭേദഗതി പിൻവലിക്കാൻ തീരുമാനിച്ചു. ആയതിനാൽ ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും വന്നതായി സർക്കാർ കരുതുന്നില്ല.

സെക്ഷൻ ഓഫീസർ